കെ.ഡി.പി - 1

ജെ.എസ്.എസ് - 4

മറ്റുള്ളവർക്ക് രാഷ്ട്രീയമില്ല.

എന്നിങ്ങനെയാണ് പ്രതികളുടെ രാഷ്ട്രീയ കക്ഷികളുമായുള്ള ബന്ധം.

വാഹനമോഷണം

70(1548) ശ്രീ. എ.കെ. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനമോഷണം പെരുകിവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000 ൽ ഇതുവരേയും എത്ര വാഹനമോഷണങ്ങൾ ഉണ്ടായിട്ടുണ്ട്;

(സി) മോഷ്ടിക്കപ്പെട്ട ഏതെങ്കിലും വാഹനം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ വർഷവും ഉണ്ടായ വാഹന മോഷണങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

1996	650
1997	748
1998	989
1999	1431
2000 (ജനുവരി 31 വരെ)	103

(സി) ഈ കാലഘട്ടത്തിൽ മോഷ്ടിക്കപ്പെട്ട 659 വാഹനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

പോലീസ് വെടിവയ്പ്പ്

71 (1549) ശ്രീ. കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പോലീസ് വെടിവയ്പ്പുണ്ടായി;

(ബി) ഓരോ വെടിവയ്പിലും എത്ര റൗണ്ട് വീതം വെടിവച്ചു;

(സി) ഓരോ വെടിവയ്പിനും ആരാണ് ഉത്തരവ് നൽകിയത്?

ഉത്തരം

(എ) ഇരുപത്തി മൂന്ന്.

(ബി) വെടിവയ്പ്പ് നടന്ന സ്ഥലം റൗണ്ടുകളുടെ എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	
ചെങ്കള്ളൂർ (22.8.96)	1 റൗണ്ട്
പെരുംപഴുതൂർ (30.10.96)	1 "
അഞ്ചുതെങ്ങ് (21.1.97)	3 "
ചായ്ത്തോട്ടുകോണം(17.12.97)	15 "
കൊല്ലം	
പള്ളിത്തോട്ടം (26.12.96)	14 "
" (14.2.97)	1 "
" (3.8.97)	6 "
(1.3.98)	9 റൗണ്ടും (9 റബ്ബർ ബുള്ളറ്റും)
" (26.3.98)	29 റബ്ബർ ബുള്ളറ്റ്
" (13.6.99)	15 റൗണ്ട്
" (14.6.99)	13 റൗണ്ടും 25 റബ്ബർ ബുള്ളറ്റും
" (5.1.99)	7 റബ്ബർ ബുള്ളറ്റ്
മലപ്പുറം	
പൊന്നാനി	(30.8.99) 5 റൗണ്ട്
കണ്ണൂർ	
പത്തായക്കുന്ന്(27.9.99)	5 റൗണ്ട്
" (28.9.99)	"
വെള്ളോഴുക്ക് (22.10.99)	4 റൗണ്ട്
ചാവശ്ശേരി	(1.12.99) 10 "
പൊയിലൂർ	(2.12.99) 11 "
" "	2.12.99 16 റൗണ്ടും 2 റബ്ബർ ബുള്ളറ്റും
പാലപ്പറമ്പ്	(3.12.99) 1 റൗണ്ട്
വണ്ണത്തിമൂല (3.12.99)	1 "
കെ.സി.മുക്ക് (4.12.99)	1 "
കാസർഗോഡ്	
മൂലകാണ്ടം (6.6.97)	3 റൗണ്ട്

(സി) സബ് ഇൻസ്പെക്ടർ മുതൽ എ.എസ്.പി വരെയുള്ള പോലീസ് ഉദ്യോഗസ്ഥർ അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായാണ് വെടിവയ്പ് നടത്തിയിട്ടുള്ളത്.

സംഘർഷാന്തരീക്ഷം നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടിയാണ് വെടിവയ്പ്പ് നടത്തിയത്. വെടിവയ്പ്പിന്റെ ഫലമായി ആർക്കും ജീവഹാനി സംഭവിക്കുകയോ മാരകമായ പരിക്കുകൾ ഏൽക്കുകയോ ചെയ്തിട്ടില്ല.

ലോക്കപ്പ് മർദ്ദനങ്ങൾ

72(1550)ശ്രീ. വി.ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര ലോക്കപ്പ് മർദ്ദനങ്ങളും പോലീസ് കസ്റ്റഡിയിൽ വച്ചുള്ള മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര പോലീസുകാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(സി) സസ്പെന്റു ചെയ്യപ്പെട്ട പോലീസുകാരിൽ എത്ര പേരെ തിരിച്ചെടുത്തു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 11 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 25 പോലീസ് ഉദ്യോഗസ്ഥന്മാരെ സർവീസിൽ നിന്ന് സസ്പെന്റു ചെയ്തു.

(സി) ഇതിൽ 15 പേരെ തിരികെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

കൊല്ലം ഡി.സി.സി. ഓഫീസിലെ അക്രമം സംബന്ധിച്ച്

73 (1552)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഡി.സി.സി. ഓഫീസിൽ കയറി അക്രമം നടത്തുകയും കോൺഗ്രസ് പ്രവർത്തകരേയും സി.പി.ഐ. പ്രവർത്തകരേയും മർദ്ദിക്കുകയും ചെയ്ത സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് ബന്ധപ്പെട്ട കക്ഷികളുമായി ആലോചിച്ച് തീരുമാനിക്കുവാൻ തയ്യാറാകുമോ;

(സി) ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ)-(സി) കൊല്ലത്ത് 19.1.2000 - ന് എ.ഐ.എസ്.എഫ് മാർച്ചിനു നേരെയും 7.2.2000-ന് യൂത്ത് കോൺഗ്രസ് മാർച്ചിനു നേരേയും ഉണ്ടായതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. പി. നാരായണൻ നായരെ അന്വേഷണ കമ്മീഷനായി 18.2.2000 -ത്തിന് നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും 26.2.2000-ത്തിലെ വിജ്ഞാപന പ്രകാരം കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly